I ഇ.ബി. XIV - കേരള നിയമസഭ /X-7

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 08, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I. അടിയന്തരപ്രമേയം**

<u>വടകര താലൂക്കിലെ അക്രമസംഭവങ്ങൾ</u>

<u>മി. സ്പീക്കർ</u>: വടകര താലൂക്കിലെ കുറ്റ്യാടി, നാദാപുരം, ഓർക്കാട്ടേരി, ഒഞ്ചിയം മേഖലയിൽ കോൺഗ്രസ്, ലീഗ്, ആർ.എം.പി. പ്രവർത്തകർക്കും പാർട്ടി ഓഫീസുകൾക്കും നേരെയുള്ള സി.പി.ഐ. (എം) പ്രവർത്തകരുടെ കയ്യേറ്റങ്ങളും അക്രമവുംമൂലം പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സർവ്വശ്രീ. പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 11-02-2018-ന് മറവത്ത് മുയിപ്രയിൽ അശോകൻ എന്നയാളുടെ ഗൃഹപ്രവേശത്തിൽ പങ്കെടുക്കാനെത്തിയ സി.പി.ഐ.(എം) അനുഭാവിയായ അനിലും ആർ.എം.പി. അനുഭാവിയായ നിഖിലും തമ്മിൽ വാക്കുതർക്കമുണ്ടാകുകയും അനിലിനെ ആർ.എം.പി. പ്രവർത്തകർ അടിച്ചുപരിക്കേൽപ്പിക്കുകയും ചെയ്തു. തുടർന്ന് ഓർക്കാട്ടേരി ടൗണിലും കാർത്തികപ്പള്ളി, ഒഞ്ചിയം, വെള്ളികുളങ്ങര എന്നിവിടങ്ങളിലും സംഘർഷമുണ്ടായി. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇടച്ചേരി പോലീസ് സ്റ്റേഷനിൽ 14 ക്രൈം കേസ്സുകളും ചോമ്പാല പോലീസ് സ്റ്റേഷനിൽ മൂന്ന് ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആർ.എം.പി. ഒഞ്ചിയം കമ്മിറ്റി ഓഫീസിൽനിന്ന് ഇരുമ്പുവടികളും ഒരു വാളും പോലീസ് പിടിച്ചെടുക്കുകയും 14 ആർ.എം.പി. പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ ശക്തമായ ഇടപെടൽകൊണ്ട് ഇപ്പോൾ അവിടെ സമാധാനാന്തരീക്ഷം നിലനിൽക്കുന്നുണ്ട്. 22-02-2018-ന് നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ മുടവഞ്ചേരിയിൽ ഐ.യു.എം.എൽ. പ്രവർത്തകന് മർദ്ദനമേറ്റ സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആർ.എം.പി.-യിൽനിന്നും മുന്നൂറോളം കുടുംബങ്ങൾ രാജി വച്ച് സി.പി.ഐ.(എം)-ൽ

ചേർന്നതുമൂലമുള്ള അസഹിഷ്ണുതയാണ് ഇത്തരം സംഭവങ്ങളുണ്ടാകാൻ കാരണമായത്. കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ കോൺഗ്രസ്, ലീഗ്, സി.പി.ഐ.(എം) പ്രവർത്തകർ തമ്മിൽ യാതൊരു സംഘർഷവും കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഉണ്ടായിട്ടില്ല. നോട്ടീസിൽ പരോക്ഷമായി സൂചിപ്പിച്ച സംഭവങ്ങളെല്ലാം ഒരു മാസംമുമ്പ് നടന്നതാണ്. നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട തൂണേരി, മുടവഞ്ചേരിയിൽ ലീഗ് പ്രവർത്തകനായ സുബൈറിനെ മർദ്ദിച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഈ മേഖലയിൽ ഇപ്പോൾ സംഘർഷമൊന്നും നിലനിൽക്കുന്നില്ല.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: വടകര താലൂക്കിലെ കുറ്റ്യാടി, നാദാപുരം പ്രദേശങ്ങൾ സംഘർഷബാധിത മേഖലയാണ്. 11-02-2018 മുതൽ ഓർക്കാട്ടേരിയിലും പരിസരപ്രദേശങ്ങളിലും രൂക്ഷമായ പ്രശ്നങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ പ്രദേശത്തെ ആർ.എം.പി. പ്രവർത്തകരെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയൊക്കെ സംഭവങ്ങളുണ്ടായിട്ടും ഇവിടെ പോലീസ് നിഷ്ക്രിയമാണ്. അശോകന്റെ ഗൃഹപ്രവേശത്തിന് പങ്കെടുക്കാനെത്തിയ അനിലും ആർ.എം.പി. പ്രവർത്തകനും തമ്മിലുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് അനിലിനെ ആർ.എം.പി. പ്രവർത്തകർ അടിച്ചുപരിക്കേൽപ്പിക്കുകയും പ്രസ്തുത സംഭവത്തിന്റെ തുടർച്ചയായി ഓർക്കാട്ടേരി

ടൗണിലെ ആർ.എം.പി.പ്രവർത്തകനായ ഓട്ടോറിക്ഷാ ഡ്രൈവറെയും 74 വയസ്സുള്ള എരുമാട്ടി ഗോപാലനെയും ആർ.എം.പി. ഓഫീസിലെ ജയരാജനെയും സി.പി.ഐ.(എം) പ്രവർത്തകർ അതിക്രൂരമായി മർദ്ദിക്കുകയുണ്ടായി. ഒ.കെ. ചന്ദ്രൻ എന്നയാൾ കാറിൽ വീട്ടിലേയ്ക്ക് പോകുമ്പോൾ വാഹനം തടഞ്ഞുനിർത്തി വലതുകൈ അടിച്ചുപൊട്ടിക്കുകയും വാഹനം പെട്രോളൊഴിച്ച് കത്തിക്കുകയും ചെയ്തു. വാഹനം കത്തിനശിക്കുന്നതുവരെ ഫയർ ഫോഴ്സിന്റെ വാഹനം കടന്നുപോകാൻ അനുവദിച്ചില്ല. എടക്കുടി രാധാകൃഷ്ണൻ, അശോകൻ എന്നിവരുടെ കടകളിലെ ഷട്ടർ പൊട്ടിച്ച് മുഴുവൻ സാധനങ്ങളും കൊള്ളയടിച്ചതിനെത്തുടർന്ന് ആർ.എം.പി. സംസ്ഥാന സെക്രട്ടറി വേണുവും പതിനഞ്ച് പ്രവർത്തകരും സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി സംഭവ സ്ഥലത്തെത്തുകയുണ്ടായി. എന്നാൽ ഒരു കാരണവുമില്ലാതെ വേണു ഒഴികെയുള്ളവരെ 308 വകുപ്പ് ചുമത്തി ജയിലിലടയ്ക്കുകയാണുണ്ടായത്. നാദാപുരം, കുറ്റ്യാടി, വടകര പ്രദേശങ്ങളിൽ സി.പി.ഐ.(എം) പ്രവർത്തകരല്ലാത്ത ആളുകൾക്ക് പൊതുപ്രവർത്തനം നടത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഒഞ്ചിയം മേഖലയിലെ ജനങ്ങൾക്ക് ജീവിക്കാനുള്ള അവസരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയിരുന്നു. അക്രമസംഭവങ്ങൾക്ക് കൂട്ടുനിൽക്കുന്ന പോലീസ് കേസെടുക്കുന്നതിനുപോലും തയ്യാറാകുന്നില്ല. അക്രമങ്ങളിൽ പരിക്കേറ്റ്

ജില്ലാ ആശുപത്രിയിലെത്തുന്നവരെ സി.പി.ഐ.(എം) ഗുണ്ടകൾ ആക്രമിക്കുകയാണ്. അക്രമസംഭവങ്ങൾ നടക്കുമ്പോൾ ഫോൺ എടുക്കുന്നതിനു പോലും പോലീസ് ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല. അത്യന്തം ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. സി. കെ. നാണു</u> : വടകര നിയോജക മണ്ഡലത്തിലെ എം.എൽ.എ. എന്ന നിലയിൽ ഈ വിഷയം സംബന്ധിച്ച് സംസാരിക്കുന്നതിന് അവസരം നൽകണം.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രസംഗത്തിൽ വടകര നിയോജക മണ്ഡലത്തെപ്പറ്റിയോ എം.എൽ.എ.യെ പറ്റിയോ ഒരു കാര്യവും പരാമർശിച്ചിട്ടില്ല. ആ സാഹചര്യത്തിൽ ശ്രീ. സി. കെ. നാണുവിന് പ്രസംഗിക്കാൻ അവസരം നൽകുന്നത് ശരിയല്ല. മുഖ്യമന്ത്രിയാണ് മറുപടി നൽകേണ്ടത്.

<u>മി. സ്പീക്കർ</u> : ചെയറിന് എഴുതി നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന ഒഞ്ചിയം, ഓർക്കാട്ടേരി തുടങ്ങിയ സ്ഥലങ്ങൾ വടകര നിയോജക മണ്ഡലത്തിലാണ്. സ്വന്തം മണ്ഡലത്തെ സംബന്ധിച്ച് ഒരു വിഷയം ഉന്നയിക്കപ്പെടുമ്പോൾ സംസാരിക്കാൻ അവസരം ചോദിക്കുന്നത് ആദ്യമായിട്ടല്ല. അതിനാൽ ശ്രീ. സി. കെ. നാണുവിന് സംസാരിക്കാവുന്നതാണ്.

(ശ്രീ. സി. കെ. നാണുവിന് സംസാരിക്കാൻ അവസരം നൽകിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് ചുറ്റുംനിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. സി. കെ. നാണു: വടകര നിയോജകമണ്ഡലത്തിലെ സമാധാനന്തരീക്ഷം തകർക്കാൻ ആരെയും അനുവദിക്കരുത്. എന്റെ നിയോജക മണ്ഡലത്തിലെ കാര്യം പറയാൻ എന്നെ അനുവദിക്കണം. പറയുന്നത് ശ്രദ്ധിക്കാതെ എന്നെ ആക്ഷേപിക്കുന്ന പ്രതിപക്ഷ സമീപനം ശരിയല്ല.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളികളോടെ ശ്രീ. സി. കെ. നാണുവിന്റെ പ്രസംഗം തടസ്സപ്പെടുത്തുകയും തുടർന്ന് പ്രതിപക്ഷ നേതാവ് സംസാരിക്കാനായി എഴുന്നേറ്റെങ്കിലും ഭരണപക്ഷാംഗങ്ങൾ ബഹളം വച്ച് സംസാരിക്കാൻ അനുവദിച്ചില്ല. ബഹളത്തെ തുടർന്ന് സഭ രാവിലെ 10.06-ന് താല്ക്കാലികമായി നിർത്തിവച്ചു. )

(ബഹളത്തെത്തുടർന്ന് രാവിലെ 10.06- ന് താല്ക്കാലികമായി നിർത്തിവച്ച സഭ 10.36-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ : സഭയുടെ അന്തസ്സിന് ചേരാത്ത നിലയിൽ നിർഭാഗ്യകരമായ ഒരന്തരീക്ഷമുണ്ടായതിൽ ചെയർ ഖേദവും ആശങ്കയും പ്രകടിപ്പിക്കുകയാണ്. അടിയന്തര പ്രമേയത്തിനിടയിൽ ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ

അംഗങ്ങൾക്ക് സംസാരിക്കാൻ അവസരം നൽകുന്നത് സഭയിലെ കീഴ്വഴക്കവും ജനാധിപത്യ മര്യാദയുടെ ഭാഗവുമാണ്. സീനിയർ മെമ്പറായ ശ്രീ. സി. കെ. നാണുവിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ഉന്നയിക്കാൻ അവസരം കൊടുത്തത് തെറ്റായി കാണുന്ന പ്രവണത ശരിയല്ലെന്ന് ചെയർ ഓർമ്മപ്പെടുത്തുകയാണ്. അത്തരത്തിലുള്ള രീതി സ്വീകരിക്കുന്നത് ജനാധിപത്യ മര്യാദയുടെ ഭാഗമല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്പീക്കറോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെയാണ് സഭയിൽ അംഗങ്ങൾ പ്രവർത്തിക്കേണ്ടത്. ഇവിടെ ചില സന്ദർഭങ്ങളിൽ പ്രതിപക്ഷത്തിന്റെ വാദഗതിയെ ദുർബലപ്പെടുത്തുന്ന രീതിയിൽ മന:പൂർവ്വമായി ചില അംഗങ്ങൾക്ക് അവസരം കൊടുക്കുന്നുവെന്ന പരാതിയുണ്ടായിട്ടുണ്ട്. പ്രായംകൊണ്ടും പ്രവർത്തന പാരമ്പര്യം കൊണ്ടും സീനിയറായിട്ടുള്ള ശ്രീ. സി.കെ. നാണുവിനോട് ഞങ്ങൾക്ക് അനാദരവില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അങ്ങ് ചില നിലപാടുകൾ എടുക്കുമ്പോൾ പ്രതിപക്ഷ നേതാവിനെ ധിക്കരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങൾ അങ്ങയുടെ മുന്നിൽ വന്ന് ബഹളം വയ്ക്കുന്നതാണ് സഭയിൽ കാണാൻ സാധിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. എല്ലാവരും ഇക്കാര്യത്തിൽ സംയമനം

പാലിക്കുന്നത് നല്ലതാണ്.

ശ്രീ. സി. കെ. നാണു: എന്റെ നിയോജക മണ്ഡലത്തിൽ നടന്ന ദൗർഭാഗ്യകരമായ കൊലപാതകവുമായി ബന്ധപ്പെട്ട് 50-ഓളം വീടുകളും ലൈബ്രറികളും അടിച്ചു തകർക്കപ്പെട്ടു. അതിന്റെ നാശനഷ്ടം കണക്കാക്കി പ്രസ്തുത കുടുംബങ്ങൾക്ക് ധനസഹായം നൽകാനുള്ള നടപടിയുണ്ടാകണം. തൊട്ടടുത്ത മണ്ഡലത്തിൽ ഇത്തരമൊരു സംഭവമുണ്ടായപ്പോൾ അവർക്ക് നഷ്ടപരിഹാരം നൽകുകയുണ്ടായി. ഇത്തരം ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് ക്രമസമാധാന നില തകർന്നുവെന്ന ബോധപൂർവ്വമായ പ്രചരണം ഉയർത്തിക്കൊണ്ടുവരാൻ പല കേന്ദ്രങ്ങളും ആഗ്രഹിക്കുന്നുണ്ട്. ആർ.എം.പി.-യിലേയ്ക്ക് പോയ ചിലർ തെറ്റിദ്ധാരണകൾ മാറി സി.പി.ഐ.(എം)-ലേയ്ക്ക് തിരികെ വന്നതാണ് സംഘർഷത്തിന് ഇടയാക്കിയത്. അക്രമങ്ങൾക്കെതിരെ മുഖം നോക്കാതെയുള്ള കർശന നടപടിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. രാഷ്ട്രീയ താല്പര്യം മുൻനിർത്തിയാണ് ഒരു മാസം മുമ്പ് നടന്ന സംഭവം അടിയന്തര പ്രമേയമായി കൊണ്ടുവന്നിട്ടുള്ളത്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, പി. ജെ. ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. കെ. ശശി: നോട്ട് നിരോധനം, ജി.എസ്.ടി എന്നിവമൂലം നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും പെട്രോൾ/ഡീസൽ വില വർദ്ധനവ് മൂലമുള്ള നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും ടി മേഖലയിൽ വിദേശ മലയാളികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും പശ്ചാത്തല മേഖലയുടെ വികസനത്തിനുമായി സത്വര നടപടികളാണ് സർക്കാർ

സ്വീകരിച്ചിരിക്കുന്നത്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സുപ്രീം കോടതി ഉത്തരവുമൂലം ക്വാറികളുടെ പ്രവർത്തനം തടസ്സപ്പെട്ടത് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികളുടെ പാരിസ്ഥിതികാനുമതിക്കായി ജില്ലാ കളക്ടർ ചെയർമാനായ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികളുടെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ക്വാറികളുടെ ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും കളിമണ്ണ് ഖനനത്തിനുള്ള നിരാക്ഷേപ പത്രം സംബന്ധിച്ച ചട്ടത്തിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. കളിമണ്ണിന്റെ ലഭ്യത സംബന്ധിച്ച് പഠനം നടത്തുന്നതിനും തെരഞ്ഞെടുത്ത ഡാമുകളിൽനിന്ന് മണലും ചെളിയും ശേഖരിച്ച് വിപണനം നടത്തുന്നതിനും നടപടിയെടുത്തിട്ടുണ്ട്. മണൽ ഇറക്കുമതി ചെയ്യുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദേശത്തുനിന്നും പാറ ഇറക്കുമതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ്, കമ്പി

എന്നിവയുടെ ലഭ്യതയും വിലവർദ്ധനവും സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ട്. നിയന്ത്രണവിധേയമായി ക്വാറികൾക്ക് ഖനനാനുമതി നൽകുക, പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നദികളിൽനിന്ന് മണൽ ശേഖരിക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(2) ലൈറ്റ് മെട്രോ പദ്ധതികൾ

ശ്രീ. വി. എസ്. ശിവകുമാർ: തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ലൈറ്റ് മെട്രോ പദ്ധതിയിൽ നിലനിൽക്കുന്ന അനിശ്ചിതത്വം പരിഹരിക്കണം. തിരുവനന്തപുരം മുതൽ പള്ളിപ്പുറം വരെയും കോഴിക്കോട് മീഞ്ചന്ത മുതൽ മെഡിക്കൽ കോളേജ് വരെയും വിഭാവന ചെയ്തിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഡി.എം.ആർ.സി.-യെ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരത്ത് മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ ഫലമായി ഡി.എം.ആർ.സി. പിൻമാറുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. മെട്രോ നിർമ്മാണ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച ഡി.എം.ആർ.സി.യുമായി എഗ്രിമെന്റ് വയ്ക്കാതെ പിന്മാറാനുള്ള കാരണം വ്യക്തമാക്കുകയും പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്

അടിയന്തര നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ ഡി.എം.ആർ.സി. തയ്യാറാക്കിയ പദ്ധതിരേഖ അംഗീകരിച്ച് ഭരണാനുമതി നല്കുകയും കേന്ദ്ര സർക്കാരിന് വിശദമായ പദ്ധതിരേഖ, സമഗ്ര ഗതാഗത പദ്ധതി റിപ്പോർട്ട് എന്നിവ സമർപ്പിക്കുകയും ചെയ്തിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയതിനു ശേഷം പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. കൊച്ചി മെട്രോ വൻ നഷ്ടത്തിൽ പോകുന്നു എന്നതുകൊണ്ട് ഇതിന്റെ സാമ്പത്തിക ബാധ്യതയെ സംബന്ധിച്ച് ഫിനാൻസ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി വിശദമായി പരിശോധിക്കുന്നുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടിയുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും സ്ഥലമെടുപ്പിനുംവേണ്ടി 272 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കഴക്കൂട്ടം, കേശവദാസപുരം പാത വികസനത്തിനും സ്ഥലമെടുപ്പിനും ഭരണാനുമതി നല്കിയിട്ടുണ്ട്. 13.33 കി.മീ. ദൈർഘ്യമുള്ള കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് ഡിപ്പോ യാർഡ് നിർമ്മാണത്തിനായി 8.2819 ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയത്തിനനുസൃതമായി പദ്ധതിയിൽ മാറ്റങ്ങൾ

ആവശ്യമായതിനാൽ കമ്മിറ്റി അക്കാര്യം പരിശോധിച്ചശേഷം സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് അയയ്ക്കുന്നതാണ്. സർക്കാർ വിശദാംശങ്ങളെല്ലാം പരിശോധിച്ച് പദ്ധതി ആരംഭിക്കും. ഡി.എം.ആർ.സി.യുടെ കോൺട്രാക്ട് പിരീഡ് അവസാനിച്ചതിനാലാണ് അവർ പിന്മാറിയത്. സംസ്ഥാന ഗവൺമെന്റ് അവരെ ഒഴിവാക്കിയിട്ടില്ല.

## III. **സബ്മിഷൻ**

### (1) ഐ.റ്റി. ജീവനക്കാർക്ക് ക്ഷേമനിധി

ശ്രീ. എം. സ്വരാജ്: ഐ.റ്റി. മേഖലയിലെ ജീവനക്കാരുടെ തൊഴിൽ പരിരക്ഷ, സേവന വേതന വ്യവസ്ഥകൾ മുതലായവ സംബന്ധിച്ച ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുകയും ജീവനക്കാർക്ക് മാത്രമായി അനുയോജ്യമായ ക്ഷേമനിധി രൂപീകരിക്കുകയും ഗ്രാറ്റുവിറ്റി നിയമങ്ങൾ പരിഷ്കരിക്കുകയും ചെയ്യണം. ഈ മേഖലയിലെ പ്രശ്നപരിഹാരത്തിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയിൽ ജീവനക്കാരുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അതത് കമ്പനികളുടെ പോളിസികൾക്കനുസരിച്ചാണ് ഐ.റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളിലെ സേവന വേതന വ്യവസ്ഥകൾ. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില

വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ട്. ഈ മേഖലയിലെ തൊഴിൽ നിയമങ്ങൾ കാലാനുസൃതമായി രൂപപ്പെടുത്തേണ്ടതുണ്ട്. തൊഴിൽ മേഖലയിലെ അസ്ഥിരതയും തൊഴിൽ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യം രൂപപ്പെടുത്തേണ്ടതുണ്ട്. ഐ.റ്റി. പാർക്കുകളും കമ്പനികളും തമ്മിലുള്ള കരാർ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയാൽ സർക്കാർ ശക്തമായി ഇടപെടുന്നതാണ്. ഈ മേഖലയിലെ പ്രശ്നപരിഹാരത്തിനുവേണ്ടി രൂപീകരിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

### (2) പൊതുസ്ഥലങ്ങളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കൽ

ശ്രീ. വി. ജോയി: വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും മോഷണവും തടയുന്നതിനായി നഗരങ്ങളിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും യഥാസമയം ക്യാമറകളുടെ മെയിന്റനൻസ് നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ റോഡപകടങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിനായി സി.സി.റ്റി.വി.

ക്യാമറകൾ സ്ഥാപിക്കുന്നതിന് 19.60 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നഗരത്തിലുടനീളം 439 ഇടങ്ങളിലായി പോലീസ് സഹായത്തോടെയും വിവിധ വ്യാപാര സ്ഥാപനങ്ങൾ, ബാങ്ക്, എ.ടി.എം./പെട്രോൾ പമ്പ്/ജ്വവലറി എന്നിവിടങ്ങളിൽ വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെയും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതോടുകൂടി ഗതാഗത നിയമലംഘനങ്ങളും കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയാൻ കഴിയും. സി.സി.റ്റി.വി.ക്യാമറകൾ വ്യാപകമായി സ്ഥാപിക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(3) ക്യാൻസർ പരിശോധനാ കേന്ദ്രം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ പുതിയൊരു ക്യാൻസർ പരിശോധനാ കേന്ദ്രം ആരംഭിക്കുന്നതിനോ കല്ലൂരിൽ പ്രവർത്തിച്ചുവരുന്ന സെന്റർ പെരുമ്പാവൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): എറണാകുളം ജില്ലയിലെ കല്ലൂരിൽ ആർ.സി.സി.യുടെ കീഴിൽ

പ്രവർത്തിക്കുന്ന മുൻകൂർ ക്യാൻസർ പരിശോധനാ കേന്ദ്രം മാറ്റി സ്ഥാപിക്കുന്നത് ആശാസ്യമല്ല. ക്യാൻസർ ഡിറ്റക്ഷനുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികളുടെ ഭാഗമായി ക്യാൻസർ പോളിസി ആവിഷ്കരിക്കുകയും പ്രധാനപ്പെട്ട അഞ്ച് മെഡിക്കൽ കോളേജുകളിൽ മിനി സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മുഴുവൻ ജില്ലാ/ജനറൽ ആശുപത്രികളിലും മുൻകൂർ ക്യാൻസർ പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നൽകുകയും രണ്ടാംഘട്ടമെന്ന നിലയിൽ താലൂക്ക് ആശുപത്രികളിലേയ്ക്കുകൂടി ഈ സംവിധാനം വ്യാപിപ്പിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം തദവസരത്തിൽ പരിഗണിക്കാനാകുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) പട്ടയം അനുവദിക്കൽ

ശ്രീ. ഹൈബി ഈഡൻ: വടുതല ജനകീയ റോഡിൽ പുറമ്പോക്കിൽ അധിവസിക്കുന്ന 179 കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): എറണാകുളം ജില്ലയിൽ വടുതല ജനകീയ നഗർ കോളനി പുറമ്പോക്കിൽ 2-4 സെന്റ് ഭൂമിയിൽ വീട് വച്ച് താമസിക്കുന്ന 179 കുടുംബങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി പട്ടയം നൽകുന്നതാണ്.

(5) മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വികസനം

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് നഗരപാത വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധിക തുക അനുവദിച്ചുതരണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നടപ്പു സാമ്പത്തികവർഷം 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷം ബാക്കി 50 കോടി രൂപ അനുവദിക്കുന്നതാണ്.

(6) കൊപ്ര ഇറക്കുമതി

ശ്രീ. കെ. കൃഷ്ണൻ കുട്ടി: അഡ്വാൻസ് ലൈസൻസ് പദ്ധതിയനുസരിച്ച് കൊപ്ര ഇറക്കുമതി ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന അഴിമതി ഇല്ലാതാക്കുന്നതിനും നാളികേര കർഷകരെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം കേരള-തമിഴ്നാട്-കർണ്ണാടക കൃഷി വകുപ്പുമന്ത്രിമാരും കർഷക സംഘടനകളുമായി ചേർന്ന് ഇതിനെതിരെ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം

ചെലുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കേന്ദ്ര നിലപാടിന്റെ ഫലമായി നാളികേര വില ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. കാലാവസ്ഥാ വ്യതിയാനവും തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും കീടബാധയും ഉൽപ്പാദനക്ഷമതയെ ഗണ്യമായി ബാധിക്കുകയും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കാൻ സാധിക്കാത്തത് ഉൽപ്പാദനക്കുറവിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. നാളികേര മേഖലയുടെ സമഗ്ര വികസനത്തിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽവരുന്ന സ്ഥാപനമേധാവികളെ ഉൾപ്പെടുത്തി കൃഷി വകുപ്പുമന്ത്രി ചെയർമാനായി 'കോക്കനട്ട് മിഷൻ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പ്രകാരം കൊപ്ര ഇറക്കുമതി ചെയ്യുന്നതിന് ചുങ്കം നൽകേണ്ടതില്ല. പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യപ്പെടുന്ന കാര്യം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കോക്കനട്ട് മിഷന്റെ നേതൃത്വത്തിൽ തെക്കൻ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുമായി ആശയവിനിമയം നടത്തിക്കൊണ്ട് സംയുക്തമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) മേൽപ്പാലം നിർമ്മാണം

ശ്രീ. എം. ഉമ്മർ: മഞ്ചേരി ജസീല ജംഗ്ഷനിലെ മേൽപ്പാലം നിർമ്മാണത്തിന് ഡിസൈൻ പൂർത്തീകരിക്കുന്നതിനും സ്ഥലമേറ്റെടുക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മഞ്ചേരി ജസീല ജംഗ്ഷനിലെ ഫ്ലൈ ഓവർ നിർമ്മാണത്തിന് 2011-12-ലെ ബഡ്ജറ്റിൽ പണം നീക്കിവച്ചിരുന്നില്ല. ഇപ്പോൾ സ്ഥലമെടുപ്പിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിർത്തി നിർണ്ണയിച്ചുകിട്ടുന്നതിനുവേണ്ടി പല തവണ മഞ്ചേരി തഹസീൽദാരോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പാല നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്. ഫ്ലൈ ഓവർ നിർമ്മാണത്തിനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(8) പാലം നിർമ്മാണം

ശ്രീ. ഒ. രാജഗോപാൽ: നേമം നിയോജക മണ്ഡലത്തിലെ മലമേൽക്കുന്ന് മുടവൻമുഗൾ പാലം നിർമ്മാണത്തിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലമേൽക്കുന്ന് മുടവൻമുഗൾ പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിനും സ്ഥലം ഏറ്റെടുക്കലിനുമായി മൂന്നരക്കോടി രൂപയുടെ ഭരണാനുമതിക്കുള്ള അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ പാലത്തിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും കൂടി ചേർത്ത് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. അതിനുശേഷം ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതായിരിക്കും. പാലം നിർമ്മാണത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(9) നെല്ലിയാമ്പതി പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂൾ

ശ്രീ. കെ. ബാബു: നെല്ലിയാമ്പതി പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 1966 മുതൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് സ്കൂളായ നെല്ലിയാമ്പതി പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം മാനേജരുടെ നിസ്സംഗതമൂലം ഇടിഞ്ഞുവീഴാറായ അവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ സ്കൂൾ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലാണ്

പ്രവർത്തിച്ചുവരുന്നത്. ഇതിനെതിരെ സ്കൂൾ മാനേജർ ഹൈക്കോടതിയിൽ റിട്ട് സമർപ്പിക്കുകയും സ്കൂളിന്റെ ശോച്യാവസ്ഥ ചൂണ്ടിക്കാട്ടി പി.ടി.എ. പ്രസിഡന്റ് മുഖ്യമന്ത്രിക്ക് പരാതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിന് വിധേയമായി പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടത്തിലേയ്ക്ക് താൽക്കാലികമായി മാറ്റാനും അറ്റകുറ്റപ്പണികൾ നടത്തി അധ്യയനം സ്കൂൾ കെട്ടിടത്തിൽത്തന്നെ പുന:സ്ഥാപിക്കാനും സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സ്കൂൾ മാനേജർ, വിദ്യാഭ്യാസ അധികാരികൾ, പി.ടി.എ എന്നിവരുടെ ഏകോപനത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(10) അനുവദിച്ച തുക ലാപ്സാക്കിയത് സംബന്ധിച്ച്

ശ്രീമതി സി. കെ. ആശ: വൈക്കത്ത് സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങുന്നതിന് അനുവദിച്ച തുക ലാപ്സാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി വൈക്കം നിയോജകമണ്ഡലത്തിലെ പത്ത് സ്കൂളുകൾക്ക് ബസ്

വാങ്ങുന്നതിന് 100 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി ഉത്തരവിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിരുന്നതനുസരിച്ച് ഇ-ടെണ്ടറുകൾ നടത്തിയെങ്കിലും ടെണ്ടറിൽ പങ്കെടുത്ത രണ്ട് കമ്പനികളും ഭരണാനുമതി ഉത്തരവിനേക്കാൾ കൂടിയ തുക രേഖപ്പെടുത്തുകയാണുണ്ടായത്. കൂടാതെ എ.വി.ജി. മോട്ടോഴ്സിനെ പരിഗണിച്ചില്ലെന്ന പരാതി ലഭിച്ചതിനെത്തുടർന്നുള്ള പരിശോധനയിൽ പ്രസ്തുത കമ്പനി ഇ-ടെണ്ടറിൽ പങ്കെടുത്തിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. ഇക്കാരണങ്ങളാലാണ് തുടർ നടപടികൾ വേഗത്തിലാക്കാൻ സാധിക്കാതിരുന്നത്. ഒരു തവണകൂടി ഇ-ടെണ്ടർ നടപടി സ്വീകരിക്കാനാകുമോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## IV. പ്രസ്താവന

### മഹിളാ ദിനം

മി. സ്പീക്കർ: ഇന്ന് സാർവ്വദേശീയ മഹിളാ ദിനമാണ്. സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മഹത്തായ പാരമ്പര്യമാണ് ഭാരതത്തിനുള്ളത്. സ്ത്രീപീഡനങ്ങളും സ്ത്രീകളുടെ പ്രാന്തവൽക്കരണവും ഇപ്പോഴും തുടരുകയാണ്. പ്രതിസന്ധികൾക്കിടയിലും സ്ത്രീശാക്തീകരണ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ത്രീ പദവിയുടെ ജനാധിപത്യവൽക്കരണം മറ്റ് മേഖലകളിലെന്നപോലെ വളർന്നുവരാൻ കേരളത്തിലെ പൊതുപ്രവർത്തകർ

മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ലോകമെമ്പാടുമുള്ള സ്ത്രീകൾ ഇന്ന് (മാർച്ച് 8) വനിതാദിനം ആചരിക്കുകയാണ്. സ്ത്രീകളുടെ അടിമത്തം സാമൂഹ്യ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. സ്ത്രീകൾക്ക് വിദ്യ അഭ്യസിക്കാനോ വോട്ട് ചെയ്യാനോ അവകാശമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. പഴയ രീതിയിലുള്ള അടിമത്തവും അടിച്ചമർത്തലും അവസാനിച്ചിട്ടുണ്ടെങ്കിലും ആധുനിക കാലത്തും ഏറ്റവും ആക്രമിക്കപ്പെടുന്നതും പാർശ്വവൽക്കരിക്കപ്പെടുന്നതും സ്ത്രീകളും പെൺകുട്ടികളുമാണ്. ഇന്ത്യൻ ജനാധിപത്യം പൂർണ്ണമാകണമെങ്കിൽ എല്ലാ പൗരൻമാർക്കും അവസര സമത്വമുണ്ടാകണം. അവസരം നിഷേധിക്കപ്പെടുന്ന പൗരൻമാരിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. അതിന് പരിഹാരം കാണാൻ കഴിയണം. സ്ത്രീകൾക്ക് അർഹമായ തൊഴിലവസരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ തടയുന്നതിന് പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും അതൊന്നും യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിൽ വനിതാ വികസന വകുപ്പ് രൂപീകരിച്ചുവെന്നുള്ളത് അഭിമാനാർഹമാണ്. ഈ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന വനിതാ ദിന പരിപാടികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും

സ്കിൽ ഡെവലപ്മെന്റിനും ഒട്ടേറെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റും വരാനിരിക്കുന്ന ഗവൺമെന്റുകളും പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായി ഇടപെടണം. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള എല്ലാ അതിക്രമങ്ങളും തടയുന്നതിന് നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. സ്ത്രീപുരുഷ സമത്വത്തിലധിഷ്ഠിതമായ സമൂഹത്തിനുവേണ്ടി മാതൃകാപരമായ പ്രവർത്തനം നടത്തണം. എല്ലാവർക്കും വനിതാദിന ആശംസകൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. സ്ത്രീകളെ സാമൂഹ്യ രംഗത്തേയ്ക്കും രാഷ്ട്രീയ രംഗത്തേയ്ക്കും നയിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സ്ത്രീകളെ അടിച്ചമർത്തി അവരുടെ ആനുകൂല്യങ്ങൾ നിഷേധിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിൽനിന്നും ഒരുപാട് മാറ്റങ്ങൾ സമൂഹത്തിലുണ്ടായിട്ടുണ്ട്. പരിഷ്കൃത സമൂഹത്തിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും അനാചാരങ്ങളും പീഡനങ്ങളും വർദ്ധിക്കുകയാണ്. പാർലമെന്റിലും നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്ന ബിൽ പാസ്സാക്കാൻ സാധിച്ചിട്ടില്ല. വനിതാ ദിനവുമായി ബന്ധപ്പെട്ട് പ്രസ്തുത ബിൽ പാസ്സാക്കുന്നതിന് നടപടി സ്വീകരിക്കണം. തൊഴിലിടങ്ങളിലും യാത്രയ്ക്കിടയിലും സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ

പരിഹരിക്കാൻ ശക്തമായ ഇടപെടൽ നടത്തണം. വനിതാ വികസന വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

## V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI. ക്രമപശ്നം

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനാ കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കൽ

ശ്രീ. എം. ഉമ്മർ: ഓരോ അംഗത്തിനും അവർ അംഗങ്ങളായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാ കുറിപ്പുകൾ മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ധനാഭ്യർത്ഥന കുറിപ്പുകൾ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുന്നതിനായി നിയമസഭാ ലൈബ്രറിയിൽ അതിന്റെ മൂന്ന് പകർപ്പുകളെങ്കിലും റഫറൻസിനായി സൂക്ഷിക്കുന്നതിനും എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും പരിശോധനാ കുറിപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വോട്ട് ഓൺ അക്കൗണ്ട്, ധനവിനിയോഗ ബിൽ എന്നിവയിലൂടെ പാസാക്കി നൽകുന്ന തുകയുടെ ചെലവ് സംബന്ധിച്ച വിശദമായ വിവരം അറിയാനുള്ള അവകാശം സഭയ്ക്കുണ്ട്. അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെടണമെങ്കിൽ മുൻ വർഷത്തെ ചെലവ് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. കൂടാതെ വ്യക്തമായ കണക്കില്ലാതെ

പുതിയ ചെലവുകളുടെ ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുന്നത് ശരിയായ നടപടിയല്ല. കൃഷി വകുപ്പ് ഇത്തവണ കണക്ക് സമർപ്പിച്ചിട്ടില്ല. ഇത്തരം തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് ചെയർ റൂളിംഗ് നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഇതുസംബന്ധിച്ച് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും പ്രത്യേകം കുറിപ്പ് നൽകുന്നതും മേലിൽ വീഴ്ചവരുത്താതിരിക്കാൻ ശ്രദ്ധിക്കുന്നതുമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വ്യതിയാനങ്ങളില്ലാത്ത കേസുകളിൽ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം ഉൾപ്പെടുത്തേണ്ടതില്ലെന്ന ധാരണയിലാണ് മറുപടി നൽകിയത്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ധനാഭ്യർത്ഥനകളിലും വിഷയനിർണ്ണയ സമിതിയുടെ ചട്ടം 7(3) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അധികധനം ആവശ്യപ്പെട്ടിട്ടുള്ള രണ്ടെണ്ണത്തിലും അഞ്ച് വർഷത്തെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ഉന്നയിച്ച വിഷയം ഈ സഭയുടെ രണ്ടാം സമ്മേളനത്തിൽ ഉന്നയിച്ചിട്ടുള്ളതും വ്യക്തമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്. 2018-19 വർഷത്തെ ധനാഭ്യർത്ഥനകളുടെ

സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് വിവിധ സബ്ജക്ട് കമ്മിറ്റികൾക്ക് സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ രേഖകൾ പൂർണ്ണമല്ലെന്നും അതിൽത്തന്നെ പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച് അംഗങ്ങൾക്കായി ലഭ്യമാക്കിയ കുറിപ്പുകൾ സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമായിരുന്നില്ലെന്നുള്ളതാണ് പ്രധാന ആക്ഷേപം. അതുസംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ വിശദീകരണം നൽകിയിട്ടുണ്ട്. സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് അതിന്മേൽ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞതിനുശേഷം വീണ്ടും അതേ വീഴ്ചകൾ ആവർത്തിക്കുന്നത് അശാസ്യമല്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇത് ആവർത്തിക്കാതിരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## VII. **ധനകാര്യം**

### 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

(133,16,74,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

(652,92,53,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. ദാസൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ടവരുടെയും ദളിത് വിഭാഗങ്ങളുടെയും പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൃഷിയുൾപ്പെടെയുള്ള ഉല്പാദനമേഖലകളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള വികസന

കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനും സമാശ്വാസ പദ്ധതികൾ നടപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഭീമമായ നഷ്ടം വരുത്തിയിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിന് ശക്തമായ നിലപാടുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിക്കുന്നതിന് കമ്മീഷനെ നിയോഗിക്കുകയും പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രീൻ ട്രിബ്യൂണൽ വിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കണം. ശമ്പള വിതരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ആക്ഷേപങ്ങൾ പരിഹരിക്കാനും പി.എഫ്. ആനുകൂല്യങ്ങൾ കൃത്യമായി നൽകാനും നടപടിയുണ്ടാകണം.

<u>ശ്രീ. എം. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി.യെ കൂടുതൽ പ്രതിസന്ധിയിലേയ്ക്കെത്തിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളവും പെൻഷനും

കൃത്യമായി കൊടുക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കാൻ കഴിഞ്ഞിട്ടില്ല. ജൂലൈ മാസം മുതൽ കെ.എസ്.ആർ.ടി.സി. സ്വന്തം നിലയ്ക്ക് പെൻഷൻ കൊടുക്കുമെന്ന പ്രഖ്യാപനം ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണ്. കെ.എസ്.ആർ.ടി.സിക്ക് ആവശ്യമായ ധനസഹായം നൽകാൻ ഈ സർക്കാർ തയ്യാറാകുന്നില്ല. കടബാധ്യത വൻതോതിൽ വർദ്ധിച്ചിരിക്കുകയാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാകുന്നില്ല. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതടക്കമുള്ള സുശീൽഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിക്കരുത്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വാഹനപ്പെരുപ്പത്തിനനുസരിച്ച് റോഡുകളും അനുബന്ധ സൗകര്യങ്ങളും വികസിക്കാത്തത് വാഹനാപകടങ്ങൾക്കും ഗതാഗതക്കുരുക്കിനും കാരണമാകുന്ന പശ്ചാത്തലത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരണം. സംസ്ഥാനത്ത് സ്വകാര്യവാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും പൊതുയാത്രാ വാഹനങ്ങൾ ജനങ്ങൾ ഉപേക്ഷിക്കുന്നതുമായ സാഹചര്യം ഗൗരവതരമാണ്. സ്വകാര്യവാഹനങ്ങളുടെ വർദ്ധനവ് ഗതാഗതക്കുരുക്കിനും അപകടങ്ങൾ വർദ്ധിക്കുന്നതിനും പ്രധാന കാരണമായിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ദീർഘവീക്ഷണമില്ലാത്ത നടപടികൾ സ്വീകരിച്ചതിന്റെ ഫലമായാണ്

കെ.എസ്.ആർ.ടി.സി. നഷ്ടത്തിലായത്. ഈ ഗവൺമെന്റ് ക്രിയാത്മകമായ പ്രവർത്തനങ്ങളും അഴിമതിരഹിതമായ സമീപനങ്ങളും സ്വീകരിച്ചതിന്റെ ഫലമായി 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്ന അവസ്ഥ സംജാതമായി; ഈ സ്ഥിതി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടി വ്യാപിപ്പിക്കാനുള്ള ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: കെ.എസ്.ആർ.ടി.സി-യുടെ പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. കെ.എസ്.ആർ.ടി.സി.- യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നാലു കോർപ്പറേഷനുകളാക്കി വിഭജിക്കാനുള്ള നടപടിയുണ്ടാകണം. .

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മോട്ടോർ വാഹന വകുപ്പിൽ നടന്ന 15 കോടി രൂപയുടെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുകയും ഉത്തരവാദികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും വേണം. പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ഗതാഗത സംവിധാനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി. യിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കണം. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിലെ ശിപാർശകൾ

നടപ്പിലാക്കാനും വിവിധങ്ങളായ പ്രവർത്തന തലങ്ങളിൽ സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. ദീർഘദൂര ബസ്സുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ എന്ന രീതി നടപ്പിലാക്കണം. സ്വകാര്യ ബസ്സുകളെ സഹായിക്കുന്ന തരത്തിൽ റണ്ണിംഗ് സമയം കൂട്ടികൊടുക്കുന്ന നിലപാട് പുന:പരിശോധിക്കണം. അപകടങ്ങൾ കുറയ്ക്കുന്നതിന് റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള നികുതി പിരിവ് വർദ്ധിപ്പിക്കണം. ജി.ഫോം നൽകുന്നതുമായി ബന്ധപ്പെട്ട പെനാൽറ്റി നിരത്തിലിറങ്ങാത്ത വാഹനങ്ങൾക്ക് ഒരു ദിവസം 50 രൂപ വച്ച് പിരിച്ചെടുക്കുന്നത് ഒഴിവാക്കി മൂന്നു മാസമോ ആറു മാസമോ ആയി കാലാവധി പരിമിതപ്പെടുത്തണം. ജലഗതാഗത വകുപ്പ് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

ശ്രീ. എൻ. വിജയൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനികവത്കരണത്തിലൂടെ മോട്ടോർ വാഹന വകുപ്പിന്റെ സേവനം മെച്ചപ്പെട്ടെങ്കിലും വാഹനപ്പെരുപ്പത്തിനനുസരിച്ചുള്ള ജീവനക്കാരുടെ അഭാവം വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനുമായി ദേശീയ പാതയ്ക്ക് സമാന്തരമായി ദേശീയ ജലപാത വികസിപ്പിക്കാനുള്ള തീരുമാനം

അഭിനന്ദനാർഹമാണ്. ആഡംബര വാഹനങ്ങൾ ഇതരസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടാക്കുന്ന സാഹചര്യത്തിൽ അത്തരം രജിസ്ട്രേഷനുകൾ അവസാനിപ്പിക്കണം. പരിശോധനാവേളയിൽത്തന്നെ അധികഭാരം ഒഴിവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അത്തരം വാഹനങ്ങളുടെ മേലുള്ള പിഴത്തുക വർദ്ധിപ്പിക്കുകയും വേണം. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്താനും ട്രാഫിക് ബോധവൽക്കരണം വിപുലമാക്കാനും കൂടുതൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് സൈക്കിൾ നൽകാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും കോർപ്പറേഷന്റെ വരുമാനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക വിതരണം ചെയ്ത നടപടി ശ്ലാഘനീയമാണ്. തൊഴിലാളികളെയും സാധാരണക്കാരെയും കെ.എസ്.ആർ.ടി.സി.-യെയും പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ കക്ഷി രാഷ്ട്രീയഭേദമെന്യേ എതിർക്കണം.

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെയും ആഭ്യന്തര പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും റോഡുകളുടെ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്തുകയും ജംഗ്ഷനുകൾ പുനഃക്രമീകരിക്കുകയും ചെയ്യുന്നതോടൊപ്പം ജിയോമെട്രിക്കൽ ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, പാർക്കിംഗ് സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡുകൾ നവീകരിക്കാത്തതിനാൽ ഗതാഗതക്കുരുക്ക് ദിനംതോറും വർദ്ധിക്കുകയാണ്. സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന വ്യവസ്ഥകളടങ്ങിയ കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) ബിൽ പാസ്സാക്കുന്നത് ഒറ്റക്കെട്ടായി ചെറുക്കണം. കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിലാക്കുന്ന യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തണം. 04.01.2018-ലെ ആർ.ടി.ഒ. ബോർഡ് മീറ്റിംഗിലെടുത്ത തീരുമാനങ്ങളിലെ അനോമലി പരിഹരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഭൂമി ഉപയോഗപ്രദമാക്കുന്നതിനും പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. കാൽ നടയാത്രക്കാർക്ക് വേണ്ടത്ര പരിഗണന നൽകി റോഡ് നിർമ്മാണത്തിലുള്ള അപാകതകൾ പരിഹരിക്കണം.

ശ്രീ. റ്റി. വി. രാജേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെടുത്ത വായ്പ ദീർഘകാല വായ്പയാക്കി മാറ്റുകയും പലിശ നിരക്ക് കുറയ്ക്കുകയും ചെയ്യുതിലൂടെ കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി കുറയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ആൻസലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞത്ത് പൊഴിയൂർ കേന്ദ്രീകരിച്ച് മത്സ്യബന്ധന തുറമുഖം പ്രഖ്യാപിക്കുകയും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നവീകരിക്കുന്നതിനുവേണ്ടി അധിക തുക അനുവദിക്കുകയും ചെയ്ത സർക്കാരിനെ അനുമോദിക്കുന്നു. വ്യാപാരി ക്ഷേമനിധി ബോർഡ് സ്റ്റാറ്റ്യൂട്ടറി ബോർഡ് ആയി നിലനിർത്തി ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കുന്നതിന് ഈ സർക്കാരിന് സാധിച്ചു. കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് പരിഷ്കരിച്ച് കാര്യക്ഷമവും ലാഭകരവുമാക്കുന്നതിനും ജീവനക്കാരെ

വിന്യസിക്കുന്നതിലെ പോരായ്മകൾ പരിഹരിക്കുന്നതിനും ദേശസാൽക്കരിക്കപ്പെട്ട നെയ്യാറ്റിൻകര, കാട്ടാക്കട റൂട്ടുകളിൽ ആവശ്യമായ സർവ്വീസുകൾ ഉറപ്പാക്കുന്നതിനും വരുമാനത്തിനനുസരിച്ച് റൂട്ടുകൾ പരിഷ്കരിക്കുന്നതിനും കട്ട് ചെയിസ് ബസ്സുകൾ ലാഭകരമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. നെയ്യാറ്റിൻകരയിലും കാട്ടാക്കടയിലും കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇല്ലാത്ത റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗതാഗത വകുപ്പിനെ പൗരസൗഹൃദ വകുപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയാതെ ദുരന്തം നേരിട്ടുകൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകുന്നതിന് പ്രധാന കാരണമായ അവിടത്തെ ട്രേഡ് യൂണിയനുകളെ നിയന്ത്രിക്കുന്നതിന് സർക്കാർ ആർജ്ജവം കാണിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിഭാഗം പരാജയമായി മാറിയിരിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തിയതിന്റെ ഫലമായി അനിശ്ചിതത്വം നിലനിൽക്കുകയാണ്. ടി പദ്ധതി നടപ്പാക്കുന്നതിൽ നിന്ന്

സാങ്കേതിക പരിജ്ഞാനമുള്ള ഡി.എം.ആർ.സി.-യെ ഒഴിവാക്കി സ്വകാര്യ കമ്പനിയെ സഹായിക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും പദ്ധതി ഡി.എം.ആർ.സി.-യെ തിരികെ ഏൽപ്പിക്കാൻ തയ്യാറാവുകയും ചെയ്യണം.

ശ്രീ. എൽദോ എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സമസ്ത മേഖലകളിലും വികസനമെത്തിക്കുന്നതിനും കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റുന്നതിനും ശമ്പള കുടിശ്ശികയും പെൻഷനും പരിപൂർണ്ണമായി നൽകുന്നതിനും ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പ ഉറപ്പുവരുത്തുന്നതിനുമുള്ള ശ്രമങ്ങളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതിയേതര ഇനത്തിൽ സഹായമായി നൽകുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കിഫ്ബിയുടെ സഹായത്തോടെ കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സുകളുടെ സർവ്വീസ് ആരംഭിച്ചത് അഭിനന്ദനാർഹമാണ്. വനിതകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിനും സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗത രംഗത്തെ സമഗ്രമായ മാറ്റത്തിന്റെ അനിവാര്യത കണക്കിലെടുത്ത് ഒരു ഗതാഗത നയം രൂപീകരിക്കുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്

ടു-ടയർ റോഡുകൾ നഗരങ്ങളിൽ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുഗതാഗത സംവിധാനങ്ങളുടെ തോത് കഴിഞ്ഞ വർഷങ്ങളെക്കാൾ കുറഞ്ഞ സാഹചര്യത്തിൽ സർക്കാർ ഗൗരവമായ ഇടപെടൽ നടത്തുന്നതിനും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കൃത്യത കൊണ്ടുവരുന്നതിനായി കൺസ്ട്രക്ഷൻ ആക്ടും എഞ്ചിനിയേഴ്സ് ആക്ടും നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. ആർ.ടി. ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുകയും വാഹന നികുതി പിരിവ് കാര്യക്ഷമമാക്കുകയും നികുതി തട്ടിപ്പിനെതിരെ കർശന നടപടി സ്വീകരിക്കുകയും വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് നികുതി വസൂലാക്കുന്ന രീതി അവലംബിക്കുകയും ചെയ്യണം. ലോകത്തിനുമുഴുവൻ മാതൃകയായ കേരളത്തിലെ കുടുംബശ്രീ സംവിധാനത്തിന് ലക്ഷക്കണക്കിന് സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ഗതാഗത സംവിധാനം പൊതുജനങ്ങൾക്ക് ദുരിതവും ദുരന്തവുമാണ് നൽകുന്നത്. 5553 ഷെഡ്യൂളുകളും 6295 ബസ്സുകളും 35002 ജീവനക്കാരുമുള്ള കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള കടം 5079.59 കോടി രൂപയാണ്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ചെടുത്ത 150 കോടിയോളം രൂപ പി.എഫ്-ൽ അടച്ചിട്ടില്ല. കോർപ്പറേഷന്റെ പ്രതിമാസ വരുമാനം 165 കോടി രൂപയും

ചെലവ് 354 കോടി രൂപയുമാണ്. വരവ് ചെലവുകൾ തമ്മിലുള്ള അന്തരം സർക്കാർ കണ്ടെത്തിയാൽ മാത്രമെ കോർപ്പറേഷനെ നിലനിർത്താനാകൂ. കെടുകാര്യസ്ഥതയുടെയും കടത്തിന്റെയും കാര്യത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ഒന്നാംസ്ഥാനമാണുള്ളത്. പെൻഷൻ തുക വിതരണം ചെയ്യാൻ സഹകരണ ബാങ്കിനെ ഏൽപ്പിച്ചത് വഴി അവർക്ക് 21.7 കോടി രൂപ പലിശയായി നൽകേണ്ടതുണ്ട്. കോർപ്പറേഷനെ സഹായിക്കാനെന്ന വ്യാജേന കെ.ടി.ഡി.എഫ്.സി. കോടികളുടെ ലാഭവുമായി മടങ്ങി. തമിഴ്നാടുമായി ഒപ്പുവച്ച അന്തർ സംസ്ഥാന ഗതാഗത കരാർ ഫലത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമാണ്. ഇന്ധനവില വർദ്ധനയുടെ പേരിൽ ജീവനക്കാർ നടത്തിയ സമരത്തിൽ കോർപ്പറേഷന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി. ജീവനക്കാരുടെ ആത്മാർത്ഥയില്ലായ്മമൂലം പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. വാഹന വർദ്ധനവിനനുസരിച്ചുള്ള റോഡ് സൗകര്യങ്ങൾ സംസ്ഥാനത്തില്ല. ഡ്രൈവിംഗ് ടെസ്റ്റ് കാലോചിതമായി പരിഷ്കരിക്കുകയും മികച്ച ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും വാഹനപരിശോധന കാര്യക്ഷമമാക്കുകയും ചെയ്യണം.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ ഫലമായുണ്ടാകുന്ന ജീവഹാനിയും

അപകടങ്ങളും സംബന്ധിച്ച് സഭ ഗൗരവമായി ചർച്ച ചെയ്യണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പ്രതിപക്ഷാംഗങ്ങൾ അഭിപ്രായം പറയാത്തത് ഖേദകരമാണ്. റോഡപകടങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി യു.ഡി.എഫ്. സർക്കാർ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും സർക്കാർ തയ്യാറാകണം. റോഡപകടങ്ങളും ഗതാഗത തിരക്കും കുറയ്ക്കുന്നതിനും പൊതുഗതാഗത സംവിധാനത്തെ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി പുതിയൊരു ഗതാഗത നയത്തിന് രൂപം നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം. വാട്ടർ ട്രാൻസ്പോർട്ട് സംവിധാനം ആധുനികവത്കരിക്കാനും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്ന രീതിയിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താനും ടൂറിസവുമായി ബന്ധപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ടി. ബൽറാം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള/പെൻഷൻ വിതരണത്തിലെ കാര്യക്ഷമത ഉറപ്പുവരുത്താനും ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്ന നടപടി അവസാനിപ്പിക്കാനും പാലക്കാട്, തൃശ്ശൂർ,

പൊന്നാനി ഡിപ്പോകളിൽ നിന്നും വെട്ടിക്കുറച്ച ബസ് സർവ്വീസ് പുന:രാരംഭിക്കാനും ഗതാഗതസൗകര്യമില്ലാത്ത കുറ്റനാട്, തൃത്താല പ്രദേശങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. ബസ്ചാർജ്ജ് വർദ്ധപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കാനും ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകതയും ബസിനുള്ളിൽ വിദ്യാർത്ഥിനികൾക്ക് നേരിടേണ്ടി വരുന്ന പീഡനങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കാനും സർക്കാർ തയ്യാറാകണം. പ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായങ്ങൾ വളച്ചൊടിക്കുന്ന ഭരണകക്ഷി അംഗങ്ങളുടെ നിലപാട് ദൗർഭാഗ്യകരമാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. മോട്ടോർ വാഹന ഗതാഗത മേഖലയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും അപകടങ്ങളുണ്ടാകുന്നത് കുറയ്ക്കുന്നതിനുംവേണ്ടി 'സേഫ് കേരള' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി, ഇലക്ട്രോണിക് മൊബിലിറ്റി, അർബൻ ട്രാൻസ്പോർട്ട് നയം എന്നിവ വഴി ഏകോപിപ്പിച്ചുകൊണ്ടുള്ള ഗതാഗത സംവിധാനം നടപ്പിലാക്കാനായി 'മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ' നിയമസഭയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാഹന നികുതി അടയ്ക്കണമെങ്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന നിബന്ധന നിലവിലുണ്ട്.

മോട്ടോർ വാഹനത്തിന്റെ സോഫ്റ്റ്‌വെയർ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 'ഡ്രൈവർ കം കണ്ടക്ടർ' സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസുകളിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്കായുള്ള പ്രത്യേക ബസ് സർവ്വീസ് വിജയപ്രദമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ജസ്റ്റിസ് ചന്ദ്രശേഖര ദാസ് കമ്മിഷൻ റിപ്പോർട്ടിലെ ഉത്തമമായ കാര്യങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള പരിഷ്കാര നടപടി സ്വീകരിക്കുന്നതാണ്. ജലഗതാഗത മേഖലയെ മെച്ചപ്പെട്ട രീതിയിൽ പ്രയോജനപ്പെടുത്താനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സോളാർ എനർജി ഉപയോഗിച്ചുകൊണ്ടുള്ള ഇന്ത്യയിലെ ആദ്യത്തെ യാത്രാബോട്ട് ആലപ്പുഴയിൽ സർവ്വീസ് നടത്തുന്നുണ്ട്. കാലഹരണപ്പെട്ട 14 തടി ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ വാങ്ങാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആലപ്പുഴയിലും കൊല്ലത്തും പാസഞ്ചർ കം ടൂറിസ്റ്റ് വെസ്സലുകൾ നിർമ്മിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. കുട്ടനാട്ടിൽ ക്രൂയിസ് വെസ്സൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നിർമ്മാണം പുരോഗമിച്ചുവരികയാണ്. മോട്ടോർ വാഹന വകുപ്പിലെ സംഘടന പണം പിരിവ് നടത്തിയത് സംബന്ധിച്ച കേസ്സിന്റെ അന്വേഷണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഫാസ്റ്റ് പാസഞ്ചർ ബസ്സിന്റെ റണ്ണിംഗ് ടൈമിലെ അപാകത പരിഹരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തുന്നതിന് കക്ഷിഭേദമെന്യേ എല്ലാ സർവ്വീസ്

സംഘടനകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും 31-നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.19-ന് പിരിഞ്ഞു.)

* * * * * *